REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 03-04-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- വഖഫ് ഭേദഗതി ബിൽ അല്പസമയത്തിനകം രാജ്യസഭയിൽ അവതരിപ്പിക്കും.
- പ്രധാനമന്ത്രി നരേന്ദ്രമോദി രണ്ട് ദിവസത്തെ സന്ദർശനത്തിന് തായ്‌ലൻഡിലെ ബാങ്കോക്കിലെത്തി.
- ആശാ പ്രവർത്തകരുമായി മന്ത്രി വീണാ ജോർജ്ജിന്റെ ചർച്ച വൈകിട്ട് തിരുവനന്തപുരത്ത്.
- SSLC, ഹയർ സെക്കൻഡറി പരീക്ഷകളുടെ ഉത്തരക്കടലാസ് മൂല്യനിർണയം ആരംഭിച്ചു.
- ISL ഫുട്ബോൾ രണ്ടാം സെമിയിൽ ഇന്ന് ജംഷഡ്പൂർ FC, മോഹൻ ബഗാനെ നേരിടും.

## വാർത്തകൾ വിശദമായി

വഖഫ് ഭേദഗതി ബിൽ അല്പസമയത്തിനകം രാജ്യസഭയിൽ അവതരിപ്പിക്കും. ലോക്സഭ പാസാക്കിയ ഭേദഗതി ബില്ലും, മുസ്ലീം വഖഫ് റദ്ദാക്കൽ ബില്ലും, രാജ്യസഭയുടെ മേശപ്പുറത്ത് വെച്ചതായി സഭാധ്യക്ഷൻ ജഗ്ദീപ് ധൻകർ അറിയിച്ചു. ഇതുസംബന്ധിച്ച് കേന്ദ്രമന്ത്രി കിരൺ റിജിജു നൽകിയ നോട്ടീസിന് അനുമതി നൽകിയതായും ധൻകർ പറഞ്ഞു. ഉച്ചയ്ക്ക് ഒരു മണിക്ക് ബിൽ അവതരിപ്പിക്കും.

ഡെസ്ക് റിപ്പോർട്ട്...

രാജ്യസഭയിൽ ബില്ലുകൾ അവതരിപ്പിക്കാൻ രണ്ട് ദിവസത്തെ നോട്ടീസ് സമയം നൽകണമെന്ന വ്യവസ്ഥ വഖഫ് ബില്ലിന്റെ കാര്യത്തിൽ ഒഴിവാക്കിയതായി ജഗ്ദീപ് ധൻകർ വിശദീകരിച്ചു. പ്രത്യേക അജണ്ടയായാണ് വഖഫ് ഭേദഗതിബിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കേന്ദ്രമന്ത്രി കിരൺ റിജിജു ആയിരിക്കും രാജ്യസഭയിലും ഭേദഗതി ബിൽ അവതരിപ്പിക്കുക. മുതിർന്ന നേതാവും കേന്ദ്രമന്ത്രിയുമായ JP നദ്ദയും രാജ്യസഭയിലെത്തും.

അതിനിടെ, സമൂഹത്തിൽ സ്ഥിരമായ ധ്രുവീകരണം ലക്ഷ്യമിടുന്ന ആസൂത്രിത നീക്കമാണ് BJP-യുടേതെന്ന് കോൺഗ്രസ് പാർലമെന്ററി പാർട്ടി നേതാവ് സോണിയാ ഗാന്ധി ആരോപിച്ചു. ഭരണഘടനയുടെ അന്തഃസത്തക്ക് നിരക്കാത്തതാണ് വഖഫ് ഭേദഗതി ബില്ലെന്ന നിലപാട്, അവർ ന്യൂഡൽഹിയിൽ കോൺഗ്രസ് പാർലമെന്ററി പാർട്ടി യോഗത്തിൽ ആവർത്തിച്ചു.

✪✪✪

വഖഫ് ഭേദഗതി ബിൽ മുനമ്പം ജനതയ്ക്ക് ആശ്വാസം നൽകുന്നതാണെന്ന് സിറോ മലബാർ സഭ വിലയിരുത്തി. കേന്ദ്രഗവൺമെന്റ് ഉത്തരവാദിത്തം നിറവേറ്റിയെന്ന് സിറോ മലബാർ സഭ വക്താവ് ഫാദർ ആന്റണി വടക്കേക്കര അഭിപ്രായപ്പെട്ടു. സ്വത്ത് വഖഫ് ചെയ്യുന്നതിനോ, മുസ്ലീം സമുദായത്തിനോ എതിരല്ല സഭയെന്നും അദ്ദേഹം വ്യക്തമാക്കി. രാഷ്ട്രീയ കക്ഷികൾക്കോ മുന്നണിക്കോ നൽകുന്ന പിന്തുണയല്ല ഇതെന്നും, മറിച്ച് ഭേദഗതിക്കാണ് പിന്തുണയെന്നും ഫാദർ ആന്റണി വടക്കേക്കര പറഞ്ഞു.

മുനമ്പത്തെ ജനങ്ങളുടെ കണ്ണീർ കേരളത്തിലെ MP-മാർ കണ്ടില്ലെന്ന് കാതോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിലും കുറ്റപ്പെടുത്തി.

✪✪✪

ലോക്സഭ പാസ്സാക്കിയ വഖഫ് ബില്ലിന് മുൻകാല പ്രാബല്യമില്ലെന്ന് വ്യക്തമായതായി പ്രതിപക്ഷ നേതാവ് VD സതീശൻ പറഞ്ഞു. സംസ്ഥാനത്ത് രണ്ട് ന്യൂനപക്ഷ വിഭാഗങ്ങൾ തമ്മിൽ സംഘർഷമുണ്ടാക്കാനാണ് ചിലർ ശ്രമിക്കുന്നതെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. ദേശീയ തലത്തിൽ വഖഫ് ബില്ലിനോട് സ്വീകരിക്കുന്ന നിലപാട് കോൺഗ്രസ് വ്യക്തമാക്കിയിട്ടുണ്ടെന്നും സതീശൻ അറിയിച്ചു.

വഖഫ് ബില്ലും, മുനമ്പം വിഷയവും തമ്മിൽ കൂട്ടിക്കുഴക്കേണ്ട ആവശ്യമില്ല. സംസ്ഥാന ഗവൺമെന്റിന് തന്നെ മുനമ്പം വിഷയം പരിഹരിക്കാനാവുമെന്നും അല്ലാത്ത പക്ഷം വഖഫ് ഭേദഗതി ബിൽ പാസായാലും, മുനമ്പം വിഷയം പരിഹരിക്കാനാവില്ലെന്നും സതീശൻ മാധ്യമങ്ങളോട് വിശദീകരിച്ചു.

✪✪✪

വഖഫ് ഭേദഗതി വിഷയം മുസ്ലീങ്ങളുടേത് മാത്രമായല്ല പരിഗണിക്കേണ്ടതെന്ന് മുസ്ലീംലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യീദ് സാദിക്കലി ശിഹാബ് തങ്ങൾ പറഞ്ഞു. പ്രതിപക്ഷത്തിന്റെ നിർദേശങ്ങളൊന്നും അംഗീകരിക്കാതെ തട്ടിക്കൂട്ടിയ ബില്ലാണ് ഇന്നലെ ലോക്സഭ പാസാക്കിയതെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

വഖഫ് ഭേദഗതി മുനമ്പം വിഷയവുമായി കൂട്ടിക്കുഴക്കേണ്ടെന്നും ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റാണ് തീരുമാനമെടുക്കേണ്ടതെന്നും സാദിക്കലി തങ്ങൾ വ്യക്തമാക്കി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി തായ്‌ലൻഡിലെ ബാങ്കോക്കിലെത്തി. ഇന്ത്യക്കും തായ്‌ലാണ്ടിനുമിടയിലെ ബന്ധങ്ങൾ കൂടുതൽ ശക്തമാക്കാനും ബിംസ്റ്റെക് ഉച്ചകോടിയിൽ പങ്കെടുക്കാനും രണ്ട് ദിവസത്തെ സന്ദർശനം വഴിയൊരുക്കുമെന്ന് നരേന്ദ്രമോദി സാമൂഹ്യ മാധ്യമപോസ്റ്റിൽ കുറിച്ചു. സന്ദർശനത്തിനിടെ തായ്‌ലൻഡ് പ്രധാനമന്ത്രി പീടോങ്ടാൻ ഷിനവത്രയുമായി അദ്ദേഹം ഉഭയകക്ഷി ചർച്ച നടത്തും.

നാളെയാണ് ബാങ്കോക്കിൽ ബിംസ്റ്റെക് ഉച്ചകോടിക്ക് തുടക്കമാകുന്നത്. "ബിംസ്റ്റെക് - സമൃദ്ധവും, ശക്തവും, തുറന്നതും" എന്നതാണ് ഉച്ചകോടിയുടെ പ്രമേയം. തായ്‌ലൻഡ് രാജാവ് രാമ പത്താമനും , രാജ്ഞിയും ഉച്ചകോടിയിൽ പങ്കെടുക്കും.

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മൂന്നാമത്തെ തായ്‌ലൻഡ് സന്ദർശനമാണിത്. ഇരു രാജ്യങ്ങളും ഒട്ടേറെ കരാറുകളിൽ ഒപ്പുവെച്ചേക്കും. ബിംസ്റ്റെക് ഉച്ചകോടിക്ക് ശേഷം, പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ, മൂന്ന് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിന് ശ്രീലങ്കയിലേക്ക് പോകും. ശ്രീലങ്കൻ പ്രസിഡണ്ട് അനുര കുമാര ദിസനായകെയുടെ ക്ഷണപ്രകാരമാണ് നരേന്ദ്രമോദിയുടെ നാലാമത്തെ ശ്രീലങ്ക സന്ദർശനം.

✪✪✪

സെക്രട്ടറിയേറ്റിന് മുന്നിൽ സമരം ചെയ്യുന്ന ആശാ പ്രവർത്തകരുമായി സംസ്ഥാന ഗവൺമെന്റ് ഇന്ന് മൂന്നാം തവണയും ചർച്ച നടത്തും. മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ വൈകിട്ട് മൂന്നിന് തിരുവനന്തപുരത്താണ് ചർച്ച. CITU, INTUC തൊഴിലാളി സംഘടനാ പ്രതിനിധികളെയും ചർച്ചയ്ക്ക് ക്ഷണിച്ചിട്ടുണ്ട്. ആശമാരുടെ രാപകൽ സമരം 53-ാം ദിവസത്തിലേയ്ക്കും, അനിശ്ചിതകാല നിരാഹാര സമരം 15-ാം ദിവസത്തിലേക്കും ഇന്ന് കടന്നു.

✪✪✪

NDA നേതൃയോഗം ഉച്ചകഴിഞ്ഞ് ചേർത്തലയിൽ ചേരും. രാജീവ് ചന്ദ്രശേഖർ, BJP സംസ്ഥാന പ്രസിഡണ്ട് ആയതിനു ശേഷം ചേരുന്ന ആദ്യയോഗമാണിത്. NDA സംസ്ഥാന കൺവീനറും BDJS അധ്യക്ഷനുമായ തുഷാർ വെള്ളാപ്പള്ളി, മുതിർന്ന BJP നേതാക്കൾ, ഘടകകക്ഷി പ്രതിനിധികൾ എന്നിവർ യോഗത്തിൽ പങ്കെടുക്കും. തദ്ദേശ തെരഞ്ഞെടുപ്പിന് മുന്നണിയെ സജ്ജമാക്കലാണ് യോഗത്തിന്റെ പ്രധാന അജണ്ട.

✪✪✪

BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ കോട്ടയം പെരുന്നയിലെ NSS ആസ്ഥാനം സന്ദർശിച്ചു. ജനറൽ സെക്രട്ടറി G സുകുമാരൻ നായരുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തി.

✪✪✪

നിയമന ഉത്തരവ് വൈകുന്നതിനെതിരെ, വനിതാ സിവിൽ പൊലീസ് ഓഫീസർ PSC റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ സെക്രട്ടേറിയറ്റിനു മുന്നിൽ മുട്ടുകുത്തി സമരം നടത്തി. സമരം ചെയ്യുന്നതിനിടെ രണ്ട് ഉദ്യോഗാർത്ഥികൾ തളർന്നു വീണു.

കഴിഞ്ഞ വർഷം ഏപ്രിലിൽ ആണ് വനിതാ CPO റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത്. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട 964 പേരിൽ, 265 പേർക്ക് മാത്രമാണ് ഇതുവരെ നിയമനം ലഭിച്ചത്. റാങ്ക് ലിസ്റ്റിന്റെ കാലാവധി ഒരു വർഷമാണ്.

വനിതാ CPO തസ്തികയിൽ നിലവിൽ 570 ഓളം ഒഴിവുകൾ ഉണ്ടെന്ന് വിവരാവകാശ നിയമപ്രകാരം അറിയാൻ സാധിച്ചതായി ഉദ്യോഗാർത്ഥികൾ പറഞ്ഞു.

✪✪✪

ഇന്ത്യക്ക് മേൽ 26 ശതമാനം പകരച്ചുങ്കം ഏർപ്പെടുത്തിയ അമേരിക്കൻ നടപടി പരിശോധിക്കുമെന്ന് കേന്ദ്ര ധനസഹമന്ത്രി പങ്കജ് ചൗധരി അറിയിച്ചു. ട്രംപിനെ സംബന്ധിച്ച് അമേരിക്ക ആദ്യം എന്ന നിലപാടും, നരേന്ദ്രമോദിയെ സംബന്ധിച്ച് ഇന്ത്യ ആദ്യം എന്ന കാഴ്ചപ്പാടുമാണ് പുലർത്തിവരുന്നതെന്നും, അദ്ദേഹം ഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

അതേസമയം ആഭ്യന്തര ഓഹരി വിപണിയിൽ കനത്ത ഇടിവ് ഉണ്ടായി. സെൻസെക്സ് 232 പോയിന്റും നിഫ്റ്റി 57 പോയിന്റും കുറഞ്ഞു.

✪✪✪

SSLC, ഹയർ സെക്കൻഡറി പരീക്ഷകളുടെ ഉത്തരക്കടലാസ് മൂല്യനിർണയം ആരംഭിച്ചു. SSLC മൂല്യനിർണയം ഈ മാസം 26 വരെ രണ്ട് ഘട്ടമായി നടക്കും.

കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.

.....വോയ്സ്........

ഇന്ന് ആരംഭിച്ച സംസ്ഥാനത്തെ എസ് എസ് എൽ സി പരീക്ഷാ ഉത്തരകടലാസുകളുടെ മൂല്യനിർണയത്തിന്റെ ആദ്യഘട്ടം ഈ മാസം 11-ന് അവസാനിക്കും. രണ്ടാംഘട്ടം ഈ മാസം 21-ന് തുടങ്ങി 26 നാകും അവസാനിക്കുക. 72 കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പുകളിലാണ് മൂല്യനിർണയം നടക്കുന്നത്.മെയ് മൂന്നാംവാരം എസ് എസ് എൽ സി പരീക്ഷാ ഫലം പ്രഖ്യാപിക്കും.

4,27,021 വിദ്യാർഥികളാണ് ഇത്തവണ എസ്എസ്എൽസി പരീക്ഷയെഴുതിയത്. ഹയർ സെക്കൻഡറി പരീക്ഷാ മൂല്യനിർണയത്തിനായി 89 ക്യാമ്പുകളാണ് സജ്ജീകരിച്ചിട്ടുള്ളത്. രണ്ടാം വർഷ ഹയർസെക്കന്ററി വിഭാഗത്തിൽ 4,44,693 വിദ്യാർത്ഥികളാണ് ഇത്തവണ പരീക്ഷ എഴുതിയത്. ഈ അധ്യയന വർഷം മുതൽ എട്ടാം ക്ലാസിൽ മിനിമം മാർക്ക് നിർബന്ധമാണ്. എട്ടാംക്ലാസ് പരീക്ഷാ ഫലം നാളെ പ്രഖ്യാപിക്കും.

✪✪✪

മുണ്ടക്കൈ -ചൂരൽമല അതിജീവിതർക്കായി കൽപ്പറ്റയിൽ ഒരുക്കുന്ന മാതൃക ടൗൺഷിപ്പിലേക്ക് നൽകിയ സമ്മതപത്രങ്ങളുടെ പരിശോധന നാളെ ആരംഭിക്കും. മേപ്പാടി ഗ്രാമപഞ്ചായത്ത് ഓഫീസിലേക്കും, വെള്ളരിമല വില്ലേജ് ഓഫീസിലേക്കും സമ്മതപത്രം നൽകിയവരുടെ വിവരങ്ങൾ കൈമാറിക്കഴിഞ്ഞു.

വീടിന് അപേക്ഷ നൽകിയവർക്ക് മറ്റേതെങ്കിലും വ്യക്തികളുടെയോ സ്ഥാപനങ്ങളുടെയോ സഹായത്തോടെ വീടോ സ്ഥലമോ ലഭ്യമായിട്ടുണ്ടോ എന്ന് പരിശോധിക്കും. സമ്മതപത്രം ഇന്ന് കൂടി സമർപ്പിക്കാം. ഗുണഭോക്താക്കളുടെ അന്തിമ പട്ടിക ഏപ്രിൽ 20 ന് പ്രസിദ്ധീകരിക്കും.

✪✪✪

കണ്ണൂർ ആറളം ഫാമിൽ തമ്പടിച്ചിരിക്കുന്ന കാട്ടാനകളെ തുരത്തുന്ന രണ്ടാം ഘട്ട ശ്രമം തുടരുന്നു. ഇന്നലെ നാല് ആനകളെ വനത്തിലേക്ക് തുരത്തി.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി KO.ശശിധരൻ.

.......വോയ്സ് .....

35 പേരടങ്ങുന്ന സംഘമാണ് കാട്ടാനകളെ തുരത്തുന്ന ദൗത്യത്തിൽ ഏർപ്പെട്ടിരിക്കുന്നത്. വനപാലക സംഘത്തിനൊപ്പം ആറളം ഫാം ജിവനക്കാരും തൊഴിലാളികളും ഇവർക്കൊപ്പമുണ്ട്.ആറളം ഫാമിൽ 25 കാട്ടാനകളുണ്ടെന്നാണ് കണക്കാക്കുന്നത്.ആറളം പുനരധിവാസ മേഖലയിൽ താമസിക്കുന്നവർക്ക് മുൻകൂട്ടി നിർദ്ദേശം നൽകിയും റോഡുകളിൽ നിയന്ത്രണം ഏർപ്പെടുത്തിയുമാണ് ആനകളെ തുരത്തൽ നടത്തുന്നത്.അതിനിടെ ഇന്നലെ കക്കുവ പുഴയുടെ ഭാഗമായ വട്ടപ്പറമ്പ് പുഴയുടെ തുരുത്തിൽ കെട്ടിയ പശുവിനെ കാട്ടാന ചവിട്ടിക്കൊന്നു.തൈക്കൂട്ടം പുത്തൻപുരയ്ക്കൽ പൗലോസിന്റെ പശുവാണ് ചത്തത് .തുരുത്തിൽ കെട്ടിയ മറ്റ് രണ്ട് പശുക്കൽ കയർ പൊട്ടിച്ച് വീട്ടിലെത്തിയതായും പൗലോസ് പറഞ്ഞു

✪✪✪

ISL ഫുട്ബോൾ രണ്ടാം സെമിയിൽ ഇന്ന് ജംഷഡ്പൂർ FC, മോഹൻ ബഗാനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ജംഷഡ്പൂരിലാണ് മത്സരം.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് കൊൽക്കത്തയിലാണ് മത്സരം.

✪✪✪

കോഴിക്കോട് ജില്ലാ സ്പോർട്സ് കൗൺസിൽ ജില്ലാ ഫുട്ബോൾ അസോസിയേഷന്റെ സഹകരണത്തോടു കൂടി വൈകീട്ട് "ലഹരിക്കെതിരെ ആയിരം ഗോൾ" എന്ന പരിപാടി മാനാഞ്ചിറ സ്ക്വയറിൽ സംഘടിപ്പിക്കും. തോട്ടത്തിൽ രവീന്ദ്രൻ MLA ഉദ്ഘാടനം ചെയ്യും. "സ്പോർട്സാണ് ലഹരി" എന്ന മുദ്രാവാക്യത്തോടെ ജില്ലാ സ്പോർട്സ് കൗൺസിൽ നടത്തുന്ന സമ്മർക്യാമ്പിനോട് അനുബന്ധിച്ചാണ് പരിപാടി.

✪✪✪

മധ്യവേനലവധിക്കാലത്ത് ക്ലാസുകൾക്ക് ഏർപ്പെടുത്തിയ വിലക്ക് ഈ അധ്യയന വർഷവും കർശനമായി നടപ്പാക്കണമെന്ന് സംസ്ഥാന ബാലാവകാശ കമ്മീഷൻ ഉത്തരവിട്ടു. സ്കൂളുകൾ ഉത്തരവ് പാലിക്കുന്നുണ്ടോ എന്ന് വിദ്യാഭ്യാസ ഡയറക്ടർ കൃത്യമായി പരിശോധിക്കണമെന്ന് ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺ KV മനോജ് കുമാറും അംഗം ഡോ. വിൽസണും അടങ്ങിയ ബെഞ്ച് നിർദേശം നൽകി.

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ഇന്ന് പത്തനംതിട്ട, എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. നാളെ 5 ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

✪✪✪

സ്വർണ്ണവില വീണ്ടും വർദ്ധിച്ചു. പവന് 400 രൂപ കൂടി 68,480 രൂപയായി. ഗ്രാമിന് 8,560 രൂപയിലാണ് ഇന്ന് വ്യാപാരം നടക്കുന്നത്.

✪✪✪

സൗദിയിലെ അൽ ഉലയ്ക്ക് സമീപം വാഹനാപകടത്തിൽ വയനാട്ടുകാരായ രണ്ട് മലയാളികളടക്കം അഞ്ച് പേർ മരിച്ചു. നടവയൽ നെയ്ക്കുപ്പയിലെ കാരിക്കുന്നേൽ ടീന, അമ്പലവയൽ സ്വദേശി അഖിൽ അലക്സ് എന്നിവരാണ് മരിച്ചത്. മദീനയിലെ കാർഡിയാക്സ് സെന്ററിൽ നിന്ന് അൽ ഉല സന്ദർശിക്കാൻ പോയതായിരുന്നു ഇവർ. മരിച്ച മറ്റ് മൂന്ന് പേർ മദീന സ്വദേശികൾ ആണ്. അടുത്തയാഴ്ച്ചയോടെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കാൻ തയ്യാറെടുപ്പ് നടത്തി വരികയാണ്.

✪✪✪

ആലുവയിൽ കാണാതായ നിയമ വിദ്യാർത്ഥിയുടെ മൃതദേഹം പെരിയാറിൽ കണ്ടെത്തി. എടത്തല ന്യൂവൽസ് LLB വിദ്യാർത്ഥി, തിരുവനന്തപുരം സ്വദേശി അതുൽ ഷാബുവിന്റെ മൃതദേഹമാണ് ഉളിയന്നൂരിലെ സ്കൂബാ ടീം മുങ്ങിയെടുത്തത്. മണലി മുക്കിൽ ബന്ധുവിനൊപ്പം വാടകയ്ക്ക് താമസിക്കുന്ന അതുലിനെ ഇന്നലെ മുതൽ കാണാതാകുകയായിരുന്നു.

✪✪✪

കലിക്കറ്റ് സർവകലാശാല മലയാള വിഭാഗം മുൻ മേധാവിയും, ഭാഷാ ശാസ്ത്രജ്ഞനുമായ ഡോ. T.B വേണുഗോപാല പണിക്കരുടെ സംസ്കാരം രാവിലെ കോഴിക്കോട് മാവൂർ റോഡ് ശ്മശാനത്തിൽ നടത്തി. 79 കാരനായ അദ്ദേഹം ഇന്നലെയാണ് അന്തരിച്ചത്.

✪✪✪

ഗൂഡല്ലൂരിൽ കടന്നൽകുത്തേറ്റ് വടകര സ്വദേശി സാബിർ മരിച്ചു. കൂടെയുണ്ടായിരുന്ന ഒരാൾ പരുക്കുകളോടെ കോഴിക്കോട്ട് സ്വകാര്യ ആശുപത്രിയിലെ തീവ്രപരിചരണ വിഭാഗത്തിൽ ചികിൽസയിലാണ്.

✪✪✪

കോഴിക്കോട് ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ പുതിയ ഓഫീസ് കെട്ടിടം ഉദ്ഘാടനത്തോടനുബന്ധിച്ച് ഏപ്രിൽ ആറു മുതൽ ഒൻപത് വരെ ബീച്ചിൽ ത്രിവർണോത്സവം സംഘടിപ്പിക്കുമെന്ന് DCC പ്രസിഡണ്ട് K പ്രവീൺകുമാർ അറിയിച്ചു. പുസ്തകോത്സവം, ഭക്ഷ്യോത്സവം, മാധ്യമ സെമിനാർ, സാംസ്കാരിക സദസ് തുടങ്ങിയ പരിപാടികൾ ഇതിന്റെ ഭാഗമായി നടത്തും.

✪✪✪

താമരശ്ശേരി ഷഹബാസ് കൊലപാതക കേസിൽ, കുറ്റാരോപിതരായ ആറ് വിദ്യാർത്ഥികളുടെ ജാമ്യാപേക്ഷ കോഴിക്കോട് ജില്ലാ പ്രിൻസിപ്പൽ സെഷൻസ് കോടതി ഇന്ന് പരിഗണിച്ചേക്കും. നേരത്തെ ജാമ്യാപേക്ഷ പരിഗണിക്കുന്നത് കോടതി ഇന്നത്തേക്ക് മാറ്റുകയായിരുന്നു.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: സബിത കെ*
*News Team: അനിൽ ചന്ദ്രൻ,, രജിന കെ*
*DEO: സി കെ സുബോധ്*